DESPATCH
On 19.1.23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 357*(2)/2022*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **6722**/*എസ്.ഐ.സി-ജി 6/22*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.രാജേന്ദ്രൻ,**
**രാജി നിവാസ്,**
**NANR കോമ്പൗണ്ട്,**
**മെയിൻ റോഡ്, കൊല്ലം.** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം,**
**ഇലക്ട്രിക്കൽ സെക്ഷൻ കൺന്റോൺമെന്റ്,**
**കൊല്ലം – 691 001.**

2. **അപ്പീൽ അധികാരി&**
**എക്സിക്യൂട്ടീവ് എഞ്ചിനീയർ,**
**രജിസ്റ്റേർഡ് ഓഫീസ്, വൈദ്യുതി ഭവൻ,**
**പട്ടം, തിരുവനന്തപുരം – 695 004.**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.12.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10.01.2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.01.2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14.02.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 05.04.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 04.05.2022 |
| ഹിയറിംഗ് നടന്ന തീയതി | 12.12.2022, കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാൾ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

**അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന്**

സമർപ്പിച്ച ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരം/രേഖകൾ ലഭ്യമാക്കിയി ല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 15.12.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 2000ൽ 1588 എത്ര കിലോ വാൾട്ടാണെന്നും 2001 മുതൽ 2002വരെ ടി മീറ്റർ ആരുടെ പേരിലായിരുന്നു വെന്നും, എത്ര കിലോവാൾട്ട് ആയിരുന്നുവെന്നും ആയതിന്റെ പകർപ്പ് നൽകണമെന്നുമാണ്.

ടി അപേക്ഷയ്ക്ക് 10.01.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരി ക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട കൺസ്യൂമർ നമ്പർ 1588 എന്ന ഇല ക്ട്രിക് കണക്ഷനെ സംബന്ധിച്ചുള്ള 2000-2002 കാലയളവിലെ വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നറിയിക്കുന്നുവെന്നും ടി മറുപടിയിൽ തൃപ്തനല്ലെ ങ്കിൽ ടി മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ നൽകാവുന്നതാണെന്നും അറിയിച്ചിട്ടുണ്ടെന്നാണ്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീ ലിന് 14.02.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാ രൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ 'വിവ രങ്ങൾ ഓഫീസിൽ ലഭ്യമല്ല' എന്നു മറുപടി നൽകിയിരുന്നുവെന്നാണ്. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീൽ തീർപ്പാക്കുന്നതി നായി ഹിയറിംഗ് നടത്തുകയുണ്ടായെന്നും ടി ഹിയറിംഗിൽ കൺസ്യൂമർ നമ്പർ 1558 പ്രകാരമുള്ള സർവ്വീസ് കണക്ഷന്റെ ഉടമസ്ഥാവകാശം ടിയാന്റെ പിതാവിന്റെ പേരിൽ നിന്നും മാതാവിന്റെ പേരിലേയ്ക്കും കണക്ടഡ് ലോഡ് 5KW ൽ നിന്നും 30KW ലേയ്ക്കും 2001ൽ മാറ്റം വരുത്തിയിരുന്ന തായും എന്നാൽ കറന്റ് ബില്ലിൽ ഇപ്പോഴും പിതാവിന്റെ പേര് തന്നെയാണ് രേഖപ്പെടുത്തി വരുന്നതെന്നും കണക്ടഡ് ലോഡ് മാറ്റം വരുത്തിയിട്ടില്ലെ ന്നുമാണ്. ആയതിന് പരിഹാരം തേടിയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ള തെന്നു ഹർജിക്കാരൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ മേൽ ആവശ്യം മുൻനിർത്തിയുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പരിഗണിച്ച് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് തീർപ്പു കൽപ്പിച്ച് ഉത്തരവാകുന്നുവെ ന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമായില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് ലഭ്യമായ വിവരം നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് 10 ദിവസത്തിനകം കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതുപ്രകാരം 19.12.2022ന് കമ്മീഷനയച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 05.09.2022ൽ അപേക്ഷകൻ മേൽ കൺസ്യൂമർ നമ്പരിലുള്ള ഇലക്ട്രിക് കണക്ഷന്റെ ഉടമസ്ഥാവകാശം ടിയാളുടെ പേരിലേക്കും കണക്ടഡ് ലോഡ് 5000 വാട്ട്സിൽ നിന്നും 27440 വാട്ട്സിലേക്കും മാറ്റുന്നതിന് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ നിയമപ്രകാരമുള്ള ഫീസ് തുക ഒടുക്ക് വരുത്തി പ്രസ്തുത മാറ്റം വരുത്തിയിട്ടുള്ളതാണെന്ന വിവരം ഇതിനാൽ അനന്തര നടപടിൾക്കായി സമർപ്പിച്ചുകൊള്ളുന്നുവെന്നാണ്.

4. മേൽപ്പടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/